**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **30-01-2024 - ൽ മറുപടിയ്ക്ക്**

**ദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം നടന്നു വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയെക്കുറിച്ചും വിശദമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ പെരുമ്പാവൂർ സർക്കിളിന്റെ കീഴിൽ ഉള്ള ദ്യുതി വർക്കുകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.<br><br>കുന്നത്തുനാട് നിയമസഭാ മണ്ഡലത്തിന്റെ കീഴിൽ പെരുമ്പാവൂർ, എറണാകുളം സർക്കിൾ ഓഫീസുകൾ ആണ് ഉള്ളത്. അതിൽ പെരുമ്പാവൂർ സർക്കിളിന്റെ കീഴിൽ പെരുമ്പാവൂർ ഡിവിഷനിൽ ദ്യുതി 2022-23 ൽ ABC ഉപയോഗിച്ചുള്ള 11 kV ലൈൻ നിർമ്മാണം 150 മീറ്ററും റാക്കൂൺ ഉപയോഗിച്ചുള്ള 11 kV ലൈൻ നിർമ്മാണം 600 മീറ്ററും കൂടാതെ 100 kVA രണ്ടു ട്രാൻസ്ഫോർമറുകളും പൂർത്തീകരിച്ചുകഴിഞ്ഞു. മാത്രമല്ല റാബിറ്റ് ഉപയോഗിച്ചുള്ള LT ലൈൻ നിർമ്മാണം 2.97 കിലോ മീറ്ററും 1.13 കിലോ മീറ്റർ LT ലൈൻ കൺവേർഷനും റാബിറ്റ് ഉപയോഗിച്ചുള്ള 830 മീറ്റർ LT ലൈൻ റീ കണ്ടക്ടറിങ്ങും, 7 എണ്ണം 100 KVA ട്രാൻസ്ഫോർമറുകളുടെ സംസ്ഥാപനത്തിന്റെ പ്രവൃത്തികളും നടന്നു വരുന്നു. മൂവാറ്റുപുഴ ഡിവിഷന്റെ കീഴിൽ 4 വർക്കുകൾ 2022-23, 2023-24 വർഷം പൂർത്തീകരിച്ചു. 15 വർക്കുകൾ 2023-24 വർഷം ചെയ്യുന്നതിനായി പ്ലാൻ ചെയ്തിട്ടുണ്ട്.<br><br>എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ തൃപ്പൂണിത്തുറ ഡിവിഷനിൽ കുന്നത്തുനാട് മണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം പുത്തൻകുരിശ്, കോലഞ്ചേരി, തിരുവാണിയൂർ സെക്ഷനുകളിലായി 2022–2023 വർഷത്തിൽ 53 വർക്കുകളും ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതിൽ 2022 – 23 വർഷത്തിൽ ഇതുവരെ 21 വർക്കുകൾ പൂർത്തീകരിക്കുകയും 21 വർക്കുകൾ പൂർത്തീകരണത്തിന്റെ അവസാന നിലയിലും ആണ്. 2023-24 വർഷത്തിൽ ആകെയുള്ളതിൽ ഒരു വർക്ക് പൂർത്തീകരിക്കുകയും ബാക്കി 43 വർക്കുകൾ പൂർത്തീകരണത്തിന്റെ വിവിധ |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങളിലും ആണ്. 9 വർക്കുകൾ ഇനിയും തുടങ്ങാനുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | പെരുമ്പാവൂർ സർക്കിളിന്റെ കീഴിൽ<br><br>ആകെ പ്ലാൻ ചെയ്ത തുക - 696.82 ലക്ഷം രൂപ<br><br>ചെലവഴിച്ച തുക - 196.10 ലക്ഷം രൂപ<br><br>എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ പ്രസ്തുത പദ്ധതിക്കായി 2022-23 -ൽ 431.54 ലക്ഷം രൂപ അനുവദിച്ചതിൽ 60.78 ലക്ഷം രൂപ വിനിയോഗിച്ച് കഴിഞ്ഞു. 370.76 ലക്ഷം രൂപയുടെ വർക്കുകൾ ഏതാണ്ട് ഒരു മാസത്തിനുള്ളിൽ എല്ലാ നിലയിലും പൂർത്തീകരിക്കും. 2023-24-ൽ 305.05 ലക്ഷത്തിന്റെ വർക്കിൽ 19.85 ലക്ഷം രൂപയുടെ വർക്ക് പൂർത്തീകരിച്ച് കഴിഞ്ഞു. 207.15 ലക്ഷം രൂപയുടെ വർക്കുകൾ പൂർത്തീകരണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. ആയത് വരുന്ന മൂന്ന് മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും.<br><br>കുന്നത്തുനാട് മണ്ഡലത്തിലെ ദ്യുതി പദ്ധതി തുക സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ആകെ പ്ലാൻ ചെയ്ത തുക - 1433.4 ലക്ഷം രൂപ<br><br>ആകെ ചെലവഴിച്ച തുക - 276.72 ലക്ഷം രൂപ<br><br>പുരോഗതിയിലുള്ള പ്രവർത്തികളുടെ ആകെ<br><br>തുക - 577.91 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ